# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

14/06/2013 - ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **1428**

## കർഷക രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ.എ.റ്റി . ജോർജ്ജ്<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കർഷക രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | **(എ)** | ഉണ്ട്. സംസ്ഥാനത്ത് കർഷകരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഓൺലൈൻ ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| **(ബി)** ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | **(ബി)** | കർഷക രജിസ്ട്രേഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1) പഞ്ചായത്ത് തലത്തിൽ എല്ലാ കർഷകരുടെയും ഒരു ഡാറ്റാബേസ് തയ്യാറാക്കുക.<br>2) ഇപ്രകാരം തയ്യാറാക്കുന്ന ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ വിവിധ കാർഷിക പദ്ധതികൾക്ക് രൂപം നൽകുക, പദ്ധതികൾക്ക് അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക<br>3) വിവിധ കാർഷിക പദ്ധതികളുടെ സബ്സിഡി തുക ഓരോ കർഷകന്റെയും ബാങ്ക് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ നൽകുക.<br>4) ഫീൽഡ് തലത്തിലെ ഉദ്യോഗസ്ഥരുടെ ജോലി സമയം, കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫലപ്രദമായി വിനിയോഗിക്കുക.<br>5) കാർഷിക പദ്ധതികളുടെ നിർവ്വഹണം, സബ്സിഡി വിതരണം എന്നിവ കൂടുതൽ സുതാര്യമായും വേഗത്തിലും കാര്യക്ഷമമായും നടപ്പിലാക്കുക. |

| | |
|---|---|
| | ഇ- ഓഫീസിലെ സന്ദർശനത്തിലെ കാല താമസം ഒഴിവാക്കുക. |
| **(സി)** ഏതെല്ലാം ഏജൻസിയാണ് ഇതിനായി സഹകരിക്കുന്നത് : വിശദമാക്കുമോ ; | **(സി)** കൃഷി വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. എന്നാൽ സോഫ്റ്റ് വെയർ സംബന്ധമായ പ്രവർത്തനങ്ങൾക്ക് വേണ്ടി "നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC)", കർഷകരെ സംബന്ധിച്ച വിശദാംശങ്ങൾ ഓൺലൈനായി ഡാറ്റാബേസിൽ എന്റർ ചെയ്യുന്നതിനായി "അക്ഷയ" എന്നീ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| **(ഡി)** പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് : വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | **(ഡി)** സംസ്ഥാനത്തുടനീളം പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും കൃഷി ഭവൻ മുഖേന കർഷക രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷാ ഫോമുകൾ സ്വീകരിക്കുകയും ചെയ്തു. കൃഷി ഭവനുകൾ മുഖേന സ്വീകരിച്ച കർഷകരുടെ അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾക്ക് കൈമാറി അപേക്ഷയിലെ വിവരങ്ങൾ ഓൺലൈനായി എന്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. 10/06/2013 തീയതി വരെ 10,59,542 അപേക്ഷകൾ ഓൺലൈനായി രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 14,69,041 കർഷകർ കർഷക രജിസ്ട്രേഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ